**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - മണലൂർ - കണ്ടശ്ശാംകടവ് ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി ജലോത്സവത്തിന് തൃശ്ശൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1862/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം,
**തീയതി: 29/08/2019**

പരാമർശം:- 1. മണലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18/07/2018 ലെ കത്ത്.

2. ശ്രീ . മുരളി പെരുനെല്ലി എം . എൽ . എയുടെ ( മണലൂർ ) 5/08/2019 ലെ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ ഓണാഘോഷ പരിപാടികളിൽ പ്രധാനമായ കണ്ടശ്ശാംകടവ് ചീഫ് മിനിസ്റ്റേഴ്സ് വിന്നേഴ്സ് ട്രോഫി ജലോത്സവത്തിന്റെ ചെലവുകൾക്കായി തൃശ്ശൂർ ജില്ലയിലെ മണലൂർ, വാടാനപ്പള്ളി ഗ്രാമപഞ്ചായത്തുകൾക്ക് അഞ്ച് ലക്ഷം രൂപ വീതവും ജില്ലയിലെ മറ്റ് ഗ്രാമപഞ്ചായത്തുകൾ ക്ക് 25000/- രൂപ വീതവും ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും 50000/- രൂപ വീതവും ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്നാണ് മണലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നത് .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ടശ്ശാംകടവ് ചീഫ് മിനിസ്റ്റേഴ്സ് വിന്നേഴ്സ് ട്രോഫി ജലോത്സവത്തിന്റെ ചെലവുകൾക്കായി തൃശ്ശൂർ ജില്ലയിലെ മണലൂർ, വാടാനപ്പള്ളി ഗ്രാമപഞ്ചായത്തുകൾക്ക് അഞ്ച് ലക്ഷം രൂപ വീതവും ജില്ലയിലെ മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് 25,000/- രൂപ വീതവും(ഇരുപത്തയ്യായിരം രൂപ മാത്രം) ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും 50,000/- രൂപ വീതവും(അമ്പതിനായിരം രൂപ മാത്രം) അതാത് സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽനിന്ന്, കമ്മിറ്റി തീരുമാനത്തിന് വിധേയമായി, ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

3) ധനസഹായം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ / കോർപ്പറേഷൻ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

പ്രസിഡന്റ്/സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ

വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ യുടെ പി.എ യ്ക്ക്.